140(159) പോളിയോ, എയ്ഡ്സ് രോഗങ്ങൾ തടയുന്നതിന് നടപടി

ശ്രീ. കെ.എം.മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴിക്കാടൻ :
ശ്രീ. കെ.നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് മാരകമായ രോഗം പരത്താൻ ശേഷിയുള്ള പോളിയോ വൈറസുകളെ കണ്ടെത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, സംസ്ഥാനം പോളിയോ വിമുക്തമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇപ്രകാരം സംഭവിച്ചതിനെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് എയ്ഡ്സ് രോഗബാധിതരുടെ സംഖ്യ വർദ്ധിക്കുന്നതായും കണ്ണൂരിൽ രണ്ടു നവജാത ശിശുക്കൾക്ക് എയ്ഡ്സ് രോഗബാധയുണ്ടെന്നതുമായ സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എയ്ഡ്സ് രോഗം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ആരോഗ്യവകുപ്പിൽ നല്കിയ ജീവൻ രക്ഷാ ഔഷധങ്ങളുടെ വില കുടിശ്ശികയായതു മൂലം മരുന്നു കമ്പനികൾ ഔഷധ വിതരണം നിർത്തലാക്കാൻ ഇടയായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ജി) ഇതു സംബന്ധിച്ച സംഗതികളുടെ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ,ബി,സി) ഉണ്ട് പ്രാഥമിക അന്വേഷണത്തിൽ കുട്ടിക്ക് ക്രമമായി കിട്ടേണ്ടിയിരുന്ന പ്രതിരോധ വാക്സിനുകൾ യഥാസമയം കിട്ടിയിരുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) ലഭ്യമായ കണക്കുകൾ അനുസരിച്ച് സംസ്ഥാനത്ത് എയ്ഡ്സ് രോഗാണുബാധിതരുടെ സംഖ്യ വർദ്ധിച്ചു വരുന്നതായി ശ്രദ്ധിയിൽപ്പെട്ടിട്ടില്ല. കണ്ണൂരിൽ നവജാത ശിശുക്കൾക്ക് എയ്ഡ്സ് രോഗാണുബാധ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) എയ്ഡ്സ് രോഗനിയന്ത്രണത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി രോഗാണു സംക്രമണ സാദ്ധ്യത കൂടുതലുള്ള വിഭാഗങ്ങളിൽ ഊർജിത നിയന്ത്രണ പരിപാടികൾ നടപ്പിലാക്കിവരുന്നു. ലൈംഗികതൊഴിലാളികൾ, അവരുടെ ലൈംഗിക പങ്കാളികൾ എന്നിവർക്കു ബോധവത്കരണവും കൗൺസിലിംഗും നല്കുന്നു. ലൈംഗിക രോഗങ്ങൾക്കുള്ള ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കിവരുന്നു.

(എഫ്,ജി) ഇല്ല. കുടിശ്ശിക തീർക്കാനുള്ള നടപടികളെടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly